# വചനസൂമം



വാല്യം 12 ✵ ഒക്ടോബർ 2014 ✵ ലക്കം 10

# പ്രസംഗം തയ്യാറാക്കിയവർ

**ഒക്ടോബർ 5 : സ്ലീബായ്ക്കുശേഷം മൂന്നാം ഞായർ**

ബ്രദർ പ്രിൻസ് അലക്സ് ഒ.ഐ.സി.

**ഒക്ടോബർ 12 : സ്ലീബായ്ക്കുശേഷം നാലാം ഞായർ**

ബ്രദർ റോബിൻ ഈട്ടിത്തടത്തിൽ ഒ.ഐ.സി.

**ഒക്ടോബർ 19 : സ്ലീബാപ്പെരുന്നാളിനുശേഷം അഞ്ചാം ഞായർ (മിഷൻ ഞായർ)**

ബ്രദർ ജോൺസൺ പേഴുംകൂട്ടത്തിൽ ഒ.ഐ.സി.

**ഒക്ടോബർ 26 : സ്ലീബായ്ക്കുശേഷം ആറാം ഞായർ**

ബ്രദർ മോൻസൺ വർഗ്ഗീസ് ഒ.ഐ.സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)





# 2014 ഒക്ടോബർ 5
## സ്ലീബായ്ക്കുശേഷം മൂന്നാം ഞായർ

മത്താ. 18:15-20; ഉൽപ. 13:1-13; പ്രഭാ. 28:1-7; ജറമി. 7:1-7; 2 പത്രോ. 1:3-11; ഗലാ. 6:1-10; മത്താ. 18:21-35

**ബ്രദർ പ്രിൻസ് അലക്സ് ഒ.ഐ.സി.**

### പശ്ചാത്തലം

മറ്റുള്ളവരോടുള്ള സമീപനം എങ്ങനെയായിരിക്കണം എന്നു പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് നിർദ്ദയനായ ഭൃത്യന്റെ ഉപമ വിവരിക്കുന്നത്. ആർക്കെങ്കിലും ദുഷ്പ്രേരണ കൊടുക്കുകയോ ആരെയെങ്കിലും നിന്ദിക്കുകയോ ചെയ്താൽ അവർക്കു ശിക്ഷ ലഭിക്കുമെന്നും നിന്റെ സഹോദരൻ നിന്നോടു തെറ്റു ചെയ്താൽ അവന് അതു ബോധ്യപ്പെടുത്തിക്കൊടുക്കണമെന്ന് അവിടുന്നു പഠിപ്പിക്കുന്നു. അപ്പോഴാണ് പത്രോസിന്റെ ചോദ്യം.

### പ്രമേയം

പത്രോസും യേശുവും തമ്മിലുള്ള ചോദ്യോത്തരങ്ങളോടുകൂടിയാണ് നിർദ്ദയനായ ഭൃത്യന്റെ ഉപമ ആരംഭിക്കുന്നത്. ക്ഷമ എന്ന പുണ്യത്തെ കുറച്ചു സംഖ്യകളിൽ മാത്രം ഒതുക്കി നിർത്താൻ പത്രോസ് ശ്രമിക്കുമ്പോൾ വെറും സംഖ്യകളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല, മറിച്ചു അതിർത്തികൾ സൃഷ്ടിക്കാത്ത അനന്തമായ ക്ഷമയിലേക്കു - ദൈവം ക്ഷമിക്കുന്നതുപോലെ ക്ഷമിക്കാൻ - യേശു നമ്മെ നയിക്കുന്നു.

### സന്ദേശം

#### ക്ഷമ എന്ന പുതിയ നിയമം

നിന്റെ സഹോദരൻ തെറ്റു ചെയ്താൽ എപ്രകാരം അവനോടു വർത്തിക്കണമെന്നു (18:15) പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ്

പത്രോസ് ചോദിക്കുന്നത് എന്നോടു തെറ്റു ചെയ്യുന്നവനോടു ഏഴു പ്രാവശ്യം ക്ഷമിച്ചാൽ പോരെ എന്ന്. പഴയനിയമവും യഹൂദപാരമ്പര്യവും മനസ്സിൽ വച്ചുകൊണ്ടാണ് ഇങ്ങനെയൊരു ചോദ്യം പത്രോസ് ചോദിക്കുന്നത്. പഴയനിയമത്തിൽ സൃഷ്ടിയുടെ പുസ്തകം 4-ാം അദ്ധ്യായം 24-ാം തിരുവചനത്തിൽ നാം കാണുന്നു. "കായേന്റെ പ്രതികാരം ഏഴിരട്ടിയെങ്കിൽ ലാമേക്കിന്റേത് എഴുപത്തേഴ് ഇരട്ടിയാകും". പത്രോസിന്റെ ഈ വിചാരം മനസ്സിലാക്കികൊണ്ടാണ് യേശു പറയുന്നത് "ഏഴു എഴുപതു പ്രാവശ്യം ക്ഷമിക്കണം" എന്ന്. അതുപോലെ പഴയനിയമത്തിൽ ക്ഷമയെന്നതു നിയമപുസ്തകത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നാണ്. പ്രവൃത്തിപഥത്തിൽ "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്" എന്നതായിരുന്നു യഹൂദശൈലി.

എന്നാൽ യേശു പത്രോസിന്റെ കണക്കുകൂട്ടലുകളെ പൊളിച്ചെഴുതുന്നു. ഏഴ് എന്ന പൂർണ്ണ സംഖ്യയിൽ നിന്ന് അനന്തമായ സാധ്യതകളിലേക്കാണ് യേശു വിരൽ ചൂണ്ടുന്നത്. വെറും സംഖ്യകളിൽ ഒതുങ്ങി നിൽക്കേണ്ടതല്ല മറിച്ച് അതിർവരമ്പുകളില്ലാതെയുള്ള ക്ഷമയാണ് നാം പരിശീലിക്കേണ്ടത് എന്നാണ് യേശു പറയുന്നത്. -അങ്ങനെ പ്രതികാരത്തിന്റെ പഴയനിയമത്തെ മാറ്റി അനന്തമായ ക്ഷമയുടെ പുതിയനിയമത്തെ യേശു കൊണ്ടുവരുന്നു. ഈ അനന്തസാധ്യതയെ സൂചിപ്പിക്കുന്ന ഉപമയാണ് യേശു പറയുന്നത്.

**കടപ്പാടുകൾ - ക്ഷമയുടെ ഓർമ്മപ്പെടുത്തൽ**

പതിനായിരം താലന്ത് എന്നതു ഭൃത്യന്റെ ജീവിതത്തിൽ ഒരിക്കലും കൊടുത്തുവീട്ടാൻ പറ്റാത്ത ഭീമമായ ഒരു തുകയാണ്. പക്ഷെ നല്ലവനായ യജമാനൻ ആ കടം ഇളച്ചുകൊടുക്കുന്നു. എന്നാൽ ആ ഭൃത്യൻ തന്റെ സഹഭൃത്യന് നൽകാനുള്ള വെറും തുച്ഛമായ തുകയ്ക്കു മുമ്പിൽ-വെറും നൂറും ദനാറയ്ക്കുമുമ്പിൽ തന്റെ യജമാനൻ കാണിച്ച വലിയ ഔദാര്യവും ക്ഷമയും മറന്നു സഹഭൃത്യനെ ഉപദ്രവിക്കുന്നു. അനന്തമായ ക്ഷമയും ക്ഷമിക്കുവാൻ സാധിക്കാതെപോയ അവസ്ഥയും തമ്മിലുള്ള ഒരു താരതമ്യ പഠനമാണിവിടെ.





അനേകം പേരുടെ ക്ഷമയുടെ ഔദാര്യത്തിന്റെ പ്രതിഫലമാണ് നമ്മുടെ ജീവിതം എന്നു നാം വിസ്മരിച്ചുപോകുന്നു. നമ്മുടെ കടപ്പാടുകളൊക്കെ മറന്നു നമുക്കു കിട്ടാനുള്ളതിലാണ് നമ്മുടെ ശ്രദ്ധ. ജനനം മുതൽ മരണം വരെ നാം ഓരോരുത്തരോടും കടപ്പെട്ടിരിക്കുന്നു. ജന്മം തരുന്ന മാതാപിതാക്കൾ മുതൽ അവസാനം നമ്മുടെ ശവക്കുഴിയിൽ ഒരുപിടി മണ്ണിടുന്നവനോടുവരെ നാം കടപ്പെട്ടിരിക്കുന്നു. എല്ലാത്തിലുമുപരിയായി ദൈവത്തോടും. നാം ഈ ലോകത്തിൽ ചെയ്തുകൂട്ടുന്ന തെറ്റുകളെ കരുണാപൂർവ്വം ക്ഷമിച്ചു ധൂർത്തനായ പുത്രനെ ഇരുകൈകളും നീട്ടി സ്വീകരിച്ച പിതാവായ ദൈവത്തിന്റെ അനന്തസ്നേഹം പോലും പലപ്പോഴും വിസ്മരിക്കാറുണ്ട്. നമ്മോടു കടപ്പെട്ടിരിക്കുന്നവരോടാണ് നമ്മുടെ കൂടുതൽ ശ്രദ്ധ നമുക്കു ലഭിച്ച അതേ ക്ഷമയും ഔദാര്യവുംകൊണ്ടുതന്നെ അവരോടും ക്ഷമിക്കുവാനും ഔദാര്യം കാണിക്കുവാനും നമുക്കു കഴിയാതെപോകുന്നു. അതിനാൽ നമ്മുടെ കടപ്പാടുകളെ നാം മനസ്സിൽ സൂക്ഷിക്കുക. അപ്പോഴാണ് നമുക്കു മനുഷ്യത്വമുള്ളവരും കരുണയുള്ളവരുമൊക്കെയായി മാറാൻ സാധിക്കുക. ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും സ്വീകരിച്ച അനന്തമായ ക്ഷമയ്ക്കും, ഔദാര്യത്തിനും എപ്പോഴും നന്ദിയുള്ളവരായിരിക്കുക. അപ്പോഴാണ് നാമും ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരാകുന്നത്. നമ്മുടെ കടങ്ങൾ നമ്മോടു ക്ഷമിക്കപ്പെട്ടത് നാമും ക്ഷമിക്കുവാൻ വേണ്ടിയാണ്.

**ക്ഷമ കാരാഗ്രഹം അകറ്റുന്നു**

ക്ഷമിക്കാതിരുന്നതുകൊണ്ടു ഭൃത്യനു ലഭിച്ചതു കാരാഗൃഹവാസമാണ്. അവൻ ക്ഷമിച്ചിരുന്നുവെങ്കിൽ ഈ കാരാഗൃഹത്തിൽ നിന്നു അവനു സ്വതന്ത്രനാകാമായിരുന്നു. പലപ്പോഴും നമ്മുടെയൊക്കെ ജീവിതത്തിലും ഇതേ അവസ്ഥയാണ് ഉണ്ടാവുക. മറ്റുള്ളവരുടെ ചെറിയ തെറ്റുകൾപോലും ക്ഷമിക്കാതിരിക്കുമ്പോൾ നാം നമുക്കുത്തന്നെ കാരാഗൃഹം പണിയുകയാണ് ചെയ്യുന്നത്. മറ്റുള്ളവരോടുള്ള ബന്ധങ്ങൾ

കുറഞ്ഞു നമ്മിൽത്തന്നെ നാം ഒതുങ്ങിക്കൂടുന്നു. സ്വന്തം ലോകത്തിൽ നിന്ന് വിശാലമായ ബന്ധങ്ങളുടെ ലോകത്തിലേക്ക് ഇറങ്ങിവരണമെങ്കിൽ നാം നമുക്കു തന്നെ തീർത്ത കാരാഗൃഹത്തെ തകർത്തു സ്വതന്ത്രരാകണം.

## ഉപസംഹാരം

"ക്ഷമിക്കുന്നതിനു ഒരു പരിധിയൊക്കെയുണ്ട്....." നാം പലപ്പോഴും ദേഷ്യം വരുമ്പോൾ പറയാറുള്ള ഒരു വാചകമാണിത്. ഇതു വെറും മാനുഷികം. എന്നാൽ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നതു ദൈവികമായി ക്ഷമിക്കാനാണ്. എത്ര പ്രാവശ്യം എന്നല്ല മറിച്ച് അതിരുകളില്ലാതെ, പരിധികളില്ലാതെ ക്ഷമിക്കാനാണ് അവിടുന്നു നമ്മോടു ആവശ്യപ്പെടുന്നത്. നല്ലവനായ യജമാനൻ ഭൃത്യനോടു കാണിച്ചത് അതാണ്. ദൈവവും മനുഷ്യരും നമ്മോടു കാണിക്കുന്ന ക്ഷമയും ഔദാര്യവുമൊക്കെ വിസ്മരിക്കാതെ മറ്റുള്ളവരുടെ ചെറിയ കടങ്ങളെ ക്ഷമിക്കുവാൻ നമുക്കും പ്രയത്നിക്കാം. അങ്ങനെ നമ്മുടെ തന്നെ കാരാഗൃഹങ്ങളിൽ നിന്നു സ്വാതന്ത്ര്യത്തിന്റെ അനന്തസാധ്യതകളിലേക്കു മുന്നേറാം.







# 2014 ഒക്ടോബർ 12
# സ്ലീബായ്ക്കുശേഷം നാലാം ഞായർ

മത്താ. 24:3-14; നിയമ. 7:6-11; പ്രഭാ. 35:1-11; ഏശ. 40:21-26; യാക്കോ. 5:1-6; റോമ. 5:15-21; മത്താ. 24:15-28

**ബ്രദർ റോബിൻ ഈട്ടിത്തടത്തിൽ ഒ. ഐ. സി.**

## പശ്ചാത്തലം

യുഗാന്ത്യവുമായി ബന്ധപ്പെടുത്തി, ദാനിയേലിനോളം പറയുന്ന വേറെ പ്രവാചകനില്ല. ലോകത്തു സംഭവിക്കാനിരിക്കുന്ന അനേക കാര്യങ്ങൾ അദ്ദേഹത്തിനു ദർശനത്തിലൂടെ ദൈവം വെളിപ്പെടുത്തിക്കൊടുത്തു. ക്രിസ്തുവിന് 170 വർഷങ്ങൾക്കു മുമ്പ് സിറിയാ രാജാവായിരുന്ന അന്തിയോക്കസ് എപ്പിഫാനസ് ജറുസലേം പിടിച്ചടക്കി. യഹൂദമതം തുടച്ചു മാറ്റി യവന ആചാരങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചു. ജറുസലേം ദേവാലയത്തിൽ സീയൂസ് ദേവന്റെ പ്രതിമ പ്രതിഷ്ഠിക്കുകയും ആരാധന നടത്തുന്നിടത്തു പന്നിമാംസം വിതറുകയും പുരോഹിതരുടെ മുറികളും ദേവാലയപ്രാകാരങ്ങളും വേശ്യാലയങ്ങളാക്കി മാറ്റുകയും ചെയ്തു. ദേവാലയം അശുദ്ധമാക്കിയ ഈ നീചപ്രവൃത്തി യഹൂദന്റെ മനസ്സിലെ മായാത്ത മുറിവാണ്. ഈ സംഭവം യേശുവിന്റെ മനസ്സിൽ തെളിഞ്ഞു നിന്നിരുന്നു. ഇതിന് സമാനമായ കാര്യം ആവർത്തിക്കുമെന്ന് യേശു പ്രവചിക്കുന്നു.

## പ്രമേയം

ഭീതിവിതയ്ക്കുകയല്ല ഈ സുവിശേഷഭാഗത്തിന്റെ ലക്ഷ്യം. അതിലുപരി, പാറമേൽ പണിയപ്പെട്ട സഭ ഭാവിയിൽ നേരിടാനിരിക്കുന്ന ലൗകിക ശക്തികളുടെ ആക്രമണത്തെക്കുറിച്ചും, സമചിത്തതയോടും, സത്യവിശ്വാസത്തോടും കൂടി ദൈവപരിപാലനയിൽ ആശ്ര

യിച്ച് ജാഗരൂകരായി, ഒരുക്കമുള്ളവരായി ദൈവരാജ്യ ആഗമനത്തിനായി കാത്തിരിക്കേണ്ടതെങ്ങനെയെന്നുമാണ് ഈ വചനഭാഗം നമ്മെ പഠിപ്പിക്കുന്നത്.

## സന്ദേശം

### 1. ഒരുക്കമുള്ളവരായിരിക്കുക

"രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരുവൾ എടുക്കപ്പെടും മറ്റവൾ അവശേഷിക്കും" (മത്താ. 24:41) പ്രത്യക്ഷത്തിൽ അവർ ഒരേജോലിയിൽ മുഴുകിയിരിക്കുന്നെങ്കിലും അവരുടെ ആന്തരിക മനോഭാവം ദൈവത്തിനറിയാം. "അവരുടെ ഹൃദയങ്ങളെ രൂപപ്പെടുത്തുന്നവൻ അവരുടെ പ്രവൃത്തികളെ നിരീക്ഷിക്കുന്നു" (സങ്കീ.33:15) എടുക്കപ്പെട്ട വ്യക്തി ജാഗരൂകതയോടെ ഒരുങ്ങിയിരുന്നവളായിരുന്നു. യേശു തന്റെ പരസ്യജീവിതകാലത്ത്, തന്നെ ആവർത്തിച്ചു ശ്രവിച്ചവർക്കു പലപ്പോഴും നല്കുന്ന സന്ദേശം ഇതാണ്: ജാഗരൂകരായിരിക്കുക അഥവാ ഒരുക്കമുള്ളവരായിരിക്കുക.

ലോകാവസാനം ആസന്നമാണെങ്കിലും അല്ലെങ്കിലും വിശ്വാസ ദൃഢതയോടെ, ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച് ജീവിക്കുകയെന്നതാണ് പ്രധാനം. ലോകാവസാനത്തെ പറ്റി പറയുമ്പോൾ വി.ഗ്രന്ഥത്തിൽ ഉടനീളം കാണുന്നതും എല്ലാക്കാലവും വരാനിരിക്കുന്ന തലമുറകൾ ഓർത്തിരിക്കേണ്ടതുമായ ഒരു സത്യമാണ് ഈശോ പറയുന്നത്. നാം ജാഗ്രതയുള്ളവരായിരിക്കണം. "ശ്രദ്ധാപൂർവ്വം ഉണർന്നിരിക്കുവിൻ" (മർക്കോ. 13:33) "നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ" (ലൂക്കാ. 12:35) പത്തു കന്യകമാരുടെയും പാറമേൽ പണിത വിവേകിയുടെയും ഉപമകളുടെ സാരാംശവും ഇതുതന്നെയാണ്.

മനുഷ്യപുത്രന്റെ ആഗമനം അർദ്ധരാത്രിയിൽ ആയിരിക്കുമെന്ന പ്രവചനത്തെ നമ്മൾ മറന്നുകൂടാ. രാത്രി അവ്യക്തതയുടെ പര്യായമാണ്; മനുഷ്യപുത്രൻ അത്ഭുതങ്ങളുടെയും. രക്ഷകൻ ജനിച്ചത് അർദ്ധ





രാത്രിയിൽ. അവന്റെ രണ്ടാമത്തെ ആഗമനവും അർദ്ധരാത്രിയിൽ ആയാൽത്തന്നെ അത്ഭുതപ്പെടാനില്ല. അത് അവ്യക്തമായതിനാൽ തന്നെ യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിനായി ഹൃദയവിളക്കുകളിൽ എണ്ണ നിറച്ച്, അരമുറുക്കി നമുക്കു കാത്തിരിക്കാം. അലസതയിലോ, സുഖലോലുപതയിലോ, മുഴുകി കഴിയുവാൻ നമുക്ക് ഇടവയാവരുത്. സദാ ഒരുക്കമുള്ളവരായിരിക്കണം.

### 2. എങ്ങനെ ഒരുക്കമുള്ളവരായിരിക്കാം?

തിരുസഭ തന്റെ സന്താനങ്ങളെ അനുദിനം അതിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും ആത്മീയമായി ഒരുക്കുന്നു.

ഉദാ: -വി.കൂദാശകൾ
-യാമപ്രാർത്ഥനകൾ
-കൂട്ടായ്മ
-കുടുംബപ്രാർത്ഥനകൾ
-പരസ്നേഹപ്രവർത്തനങ്ങൾ

തുടങ്ങിയവ നമ്മെ വ്യക്തികളായും, കുടുംബങ്ങളായും, സമൂഹമായും ഒരുക്കുന്നു. അദൃശ്യമായ കൃപാവരങ്ങളുടെ ദൃശ്യമായ അവതരണമാണ് വി.കൂദാശകൾ. സഭയുടെ കൗദാശിക ജീവിതത്തിൽ ഉള്ള നമ്മുടെ ക്രിയാത്മകവും പരിപൂർണ്ണവുമായ ഉൾച്ചേരൽ നമ്മെ എപ്പോഴും ഒരുക്കമുള്ളവരാക്കി മാറ്റും. വി. കുമ്പസാരമെന്ന കൂദാശയിലൂടെ പാപത്തിന്റെ ബന്ധനങ്ങളിൽ നിന്ന് വിശുദ്ധിയിലേക്കും, വിശുദ്ധീകരിക്കപ്പെട്ട ആത്മാവിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും കൂദാശയായ വി. കുർബാന അനുഭവത്തിലേക്കും സഭ നമ്മെ ഒരുക്കുന്നു. ജീവിതനവീകരണത്തിനും, അനുതാപത്തിനും സഭ നമ്മെ നിരന്തരം ക്ഷണിക്കുന്നുണ്ട്. സഭാമാതാവിന്റെ വിളിയോടുള്ള നമ്മുടെ പ്രതികരണമാണ് നമ്മുടെ ജീവിതത്തിന്റെ ധന്യതയെയും വരാനിരിക്കുന്ന

ജീവിതത്തിന്റെ മഹത്വത്തെയും നിർണ്ണയിക്കുന്നത്. വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. “ആ ദിവസം കള്ളൻ എന്നപോലെ നിങ്ങളെ അപ്രതീക്ഷിതമായി പിടികൂടാൻ ഇടയാകത്തക്കവിധം നിങ്ങൾ അന്ധകാരത്തിൽ കഴിയരുത്. നിങ്ങളെല്ലാവരും പ്രകാശത്തിന്റെയും പകലിന്റെയും പുത്രന്മാരാണ്. നമ്മിൽ ആരും തന്നെ രാത്രിയുടെയോ അന്ധകാരത്തിന്റെയോ മക്കളല്ല. അതിനാൽ മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമ്മൾ ഉണർന്ന് സുബോധമുള്ളവരായിരിക്കാം” (1 തെസ. 5:4-7).

ലോകം നല്കുന്ന സുഖങ്ങളിലും സന്തോഷങ്ങളിലും അഭിരമിക്കാതെ ആത്മീയത നല്കുന്ന നിത്യമായ സന്തോഷത്തിലേക്ക് നമുക്കു പ്രവേശിക്കുവാൻ ഒരുക്കമുള്ളവരാകാം. “ഇതാ, ഇപ്പോൾ സ്വീകാര്യമായ സമയം, ഇപ്പോൾ രക്ഷയുടെ ദിവസം” (2 കോരി. 6:2). ഓരോ ദിനവും രക്ഷയുടെ ദിനമാണെന്ന ചിന്തയും ബോധവും നമ്മുടെ ഉള്ളിൽ ഉണ്ടാവണം. ഓരോ ദിനവും ദൈവസന്നിധിയിലേക്ക് കൂടുതൽ അടുക്കുവാൻ നമുക്ക് പരിശ്രമിക്കാം.

സങ്കീർത്തകന്റെ പ്രാർത്ഥന എപ്പോഴും നമ്മുടെ ഹൃദയഭിത്തികളിൽ നമുക്ക് ആലേഖനം ചെയ്യാം. “അന്യസ്ഥലത്ത് ആയിരം ദിവസത്തെക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നതു കൂടുതൽ അഭികാമ്യമാണ്. കൂടാരങ്ങളിൽ വാഴുന്നതിനെക്കാൾ, എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽക്കാവൽക്കാരനാകാനാണ് ഞാൻ ആഗ്രഹിക്കുന്നത്” (സങ്കീ. 84:10).

**3. യഥാർത്ഥ ക്രിസ്തുവിനെ തിരിച്ചറിയുക**

കടലിനുമീതെ നടന്നുവന്ന യേശുവിനെ ഭൂതമെന്നു തെറ്റിധരിച്ച പത്രോസ്....

ഉത്ഥാനത്തിന്റെ പ്രഭാതത്തിൽ തന്റെ മിഴിനീരിനാൽ മൂടപ്പെട്ട കണ്ണുകളാൽ യേശുവിനെ തിരിച്ചറിയാൻ കഴിയാതെ പോയ മഗ്ദലമറിയം....

എമ്മാവൂസ് യാത്രയിൽ സഹയാത്രികനായി കൂടെ നടന്ന യേശുവിനെ തിരിച്ചറിയാതെ പോയ ശിഷ്യന്മാർ...





തിരിച്ചറിയാതെ പോയ ക്രിസ്താനുഭവങ്ങൾ വി. ഗ്രന്ഥത്തിൽ നാം പലയിടത്തും കാണുന്നുണ്ട്. ലോകവാസനത്തിൽ വ്യാജക്രിസ്തുമാരും വ്യാജപ്രബോധകരും കടന്നുവരും. അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും, തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിച്ചേക്കാം എന്നും വചനം പറയുന്നു. അറിവുകൾക്കപ്പുറത്ത് തിരിച്ചറിവുകളും ഉൾക്കാഴ്ചകളും വളർത്തിയെടുക്കുകയെന്നതാണ് നമ്മോട് സഭ ആവശ്യപ്പെടുന്നത്. പ്രാവുകളെപ്പോലെ നിഷ്കളങ്കരും സർപ്പത്തെപ്പോലെ വിവേകികളുമായിരിക്കണമെന്നാണ് യേശു പറയുന്നത്. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം നാം പ്രാർത്ഥനയിലും ദൈവവുമായുള്ള ബന്ധത്തിലും നിഷ്കളങ്കരായിരിക്കണം. അതുപോലെ തന്നെ വ്യാജക്രിസ്തുമാരെയും, വ്യാജപ്രബോധകന്മാരെയും തിരിച്ചറിയാൻ കഴിയത്തക്കവിധം വിവേകികളുമായിരിക്കണം. പക്ഷേ, നാം പലപ്പോഴും വീണുപോകുന്നു. ക്രിസ്തുവിനെ തിരിച്ചറിയാൻ കഴിയാതെ പരാജിതരാകുന്നു. അതുകൊണ്ട് യഥാർത്ഥ ക്രിസ്തുവിനെ തിരിച്ചറിയുക, നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായെപ്പോലെ ‘എന്റെ കർത്താവും എന്റെ ദൈവവുമേ’ എന്ന വിശ്വാസത്തിന്റെ തിരിച്ചറിവ്. വിശ്വാസത്തിന്റെ നങ്കൂരം കൂടുതൽ ആഴത്തിൽ ഉറപ്പിച്ചാൽ മാത്രമേ അവസാന നാളുകളിലെ പരീക്ഷണങ്ങളെ അതിജീവിക്കുവാൻ നമുക്കു സാധിക്കൂ.

നമ്മുടെ കർത്താവിന്റെ ആലയത്തിൽ അവിടുത്തോടു ചേർന്ന് നമ്മുടെ ജീവിതങ്ങളെ കൂടുതൽ മിഴിവുള്ളതാക്കാം....സഭയോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം....വി. കൂദാശകളുടെ സ്വീകരണം വഴി നമ്മെത്തന്നെ ഒരുക്കി യേശുവിന്റെ വരവിനായി കാത്തിരിക്കാം....



# 2014 ഒക്ടോബർ 19

# സ്ലീബായ്ക്കുശേഷം അഞ്ചാം ഞായർ (മിഷൻ ഞായർ)

മത്താ. 28:16-20; ഉല്പ. 42:29-38; പ്രഭാ. 31:1-11; ഏശ. 6:8-13; അപ്പ.പ്രവ. 22:17-21; റോമ. 10:14-20; മർക്കോ. 16:14-18

**ബ്രദർ ജോൺസൺ പേഴുംകൂട്ടത്തിൽ ഒ. ഐ. സി.**

## പശ്ചാത്തലം

യേശുവിന്റെ ലക്ഷ്യം ലോകത്തെ മാനസാന്തരത്തിലേക്കും ദൈവരാജ്യത്തിലേക്കും നയിക്കുക എന്നതായിരുന്നു. അതിനായി അവിടുന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു പടിപടിയായി ഒരുക്കുന്നു. യേശുവിന്റെ മരണശേഷം ശിഷ്യർ പ്രതീക്ഷയറ്റവരായി. ഈ സാഹചര്യത്തിലാണ് യേശു ശിഷ്യർക്കു വെളിപ്പെട്ടു സുവിശേഷ ദൗത്യം ഏൽപ്പിക്കുന്നത്. യേശുവിന്റെ അന്ത്യോപദേശങ്ങളടങ്ങുന്ന ഈ വേദഭാഗം മറ്റു സുവിശേഷങ്ങളിലും കാണാം (മത്താ. 28:16-20; ലൂക്കാ. 24:36-49; യോഹ. 20:19-23).

## പ്രമേയം

ഉത്ഥാനത്തിനുശേഷം യേശു ശിഷ്യർക്കു പ്രത്യക്ഷപ്പെട്ടു അവരുടെ വിശ്വാസരാഹിത്യത്തെ കുറ്റപ്പെടുത്തുന്നതും തുടർന്ന് അവർക്കു അടയാളങ്ങൾ നല്കി അവരെ പ്രേഷിതപ്രവർത്തനത്തിന് അയയ്ക്കുന്നതുമാണ് ഈ സുവിശേഷഭാഗത്തിന്റെ പ്രമേയം.

## സന്ദേശം

ആഗോളസഭ ഇന്നു മിഷൻ ഞായറായി കൊണ്ടാടുകയാണ്. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തത്തെപ്പറ്റി കൂടുതൽ ആഴത്തിൽ ചിന്തിക്കുന്നതിനും അതിനുചിതമായ ഒരു മനോഭാവം





സമ്പാദിക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് മിഷൻ ഞായർ ആചരിക്കുന്നത്. സഭാമാതാവ് നമുക്കു നല്കിയിരിക്കുന്ന വേദഭാഗം മർക്കോ. 16:14-18 ആണ്. യേശു, ശിഷ്യന്മാരെ പ്രേഷിതപ്രവർത്തനത്തിനയയ്ക്കുന്നതാണ് ഈ വചനഭാഗത്തിന്റെ സാരാംശം. മൂന്നുകാര്യങ്ങളിലൂടെ ഈ വചനഭാഗത്തെ നമുക്കു നോക്കികാണാം. ഒന്നാമത് വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും രണ്ടാമത് ദൗത്യനിർവഹണത്തിനായി യേശു ശിഷ്യന്മാർക്കു അടയാളങ്ങൾ നൽകുന്നത്. മൂന്നാമത് ഈ ലോകത്തിൽ തങ്ങളുടെ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വൈദികരേയും സന്യസ്തരേയും ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള കടമ.

### 1. വിശ്വാസരാഹിത്യവും, ഹൃദയകാഠിന്യവും

മർക്കോസ് 16:14 പിന്നീട് അവർ പതിനൊന്നുപേർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷപ്പെട്ടു. ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതുനിമിത്തം അവരുടെ വിശ്വാസരാഹിത്യത്തേയും ഹൃദയകാഠിന്യത്തേയും അവൻ കുറ്റപ്പെടുത്തി. പല അടയാളങ്ങളിലൂടെയും, വചനങ്ങളിലൂടേയും ഉയിർപ്പെന്ന സത്യം വെളിവാക്കിയിട്ടും അവരതു ഉൾക്കൊള്ളാത്തത് കാരണമാണ് യേശു ശിഷ്യന്മാരെ കുറ്റപ്പെടുത്തിയത്. സുവിശേഷം വ്യക്തമാക്കുന്നു ഉത്ഥാനത്തിനുശേഷം യേശു ഗ്രാമത്തിലേയ്ക്കു പോയ ശിഷ്യന്മാർക്കും, മഗ്ദലേനമറിയത്തിനും പതിനൊന്നു ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെടുന്നതായി, ഇവർക്കു പ്രത്യക്ഷപ്പെട്ടതിനു ശേഷം യേശു ശിഷ്യന്മാരെ വിശേഷിപ്പിക്കുന്നത് വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും നിറഞ്ഞവരെന്നാണ്. കാരണം യേശു ശിഷ്യന്മാരോടൊപ്പം ആയിരുന്നപ്പോൾ അവരോടു പറഞ്ഞിരുന്നു മനുഷ്യപുത്രൻ പീഢയേൽക്കും, മരിക്കും, മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കും. ഈ വസ്തുത ഓർമ്മിക്കാത്തവരാണ് ശിഷ്യന്മാർ. ഇക്കാരണത്താലാണ് യേശു ശിഷ്യന്മാരെ കുറ്റപ്പെടുത്തുന്നത്.

ക്രൈസ്തവവിശ്വാസത്തിൽ ജീവിക്കുന്ന നമ്മളിൽ മിഷൻ എന്ന യാഥാർത്ഥ്യം കടന്നുവരണം. എന്നാൽ പലപ്പോഴും വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും ഉള്ളതുകൊണ്ടു മിഷൻ എന്ന യാഥാർത്ഥ്യം

പലപ്പോഴും നടക്കാറില്ല. കാരണം അത് നമ്മുടെ ഓരോരുത്തരുടേയും കുടുംബ ബന്ധങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ മനസ്സിലാകും. ഓരോ കുടുംബബന്ധങ്ങളും വിശ്വാസമാകുന്ന ജീവിതത്താൽ അടിത്തറ പണിയപ്പെടേണ്ടിയിരിക്കുന്നു. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ് എന്ന് പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, ക്രിസ്തുസാന്നിധ്യം നിരന്തരം അനുഭവിക്കുന്ന കുടുംബങ്ങളിൽ പ്രയാസവും പ്രതിസന്ധികളും നിറയുമ്പോൾ തളരാതെ നിൽക്കുവാനുള്ള ശക്തി ക്രിസ്തു തരും. എന്നാൽ, ഇന്നീ കാലഘട്ടത്തിൽ വിശ്വാസത്തിൽ അടിയുറച്ചു വളരാൻ, ക്രിസ്തുവിനെ കൂട്ടുപിടിച്ചു ജീവിക്കുവാൻ ആർക്കും സമയം കിട്ടുന്നില്ല. കാരണം, പണ്ടൊക്കെ സന്ധ്യാനേരങ്ങളിൽ കുടുംബമായിരുന്നു പ്രാർത്ഥിക്കുന്ന രീതി നമ്മുടെ കുടുംബങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ, ഇന്നു ടി.വി.യുടെ മുമ്പിലാണ് എല്ലാവരും ഒന്നിച്ചുകൂടുന്നത്. അതിനാൽ സന്ധ്യാപ്രാർത്ഥനയുടെ സമയം സീരിയലുകളും റിയാലിറ്റി ഷോകളും അപഹരിക്കുന്നു. എന്നാൽ, ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ മാത്രം ദൈവത്തെ വിളിക്കുന്നു. അതിനാൽ നമ്മുടെ വിശ്വാസരാഹിത്യവും, ഹൃദയകാഠിന്യവും നിമിത്തം പലപ്പോഴും നമ്മുടെ വിശ്വാസത്തിന്റെ അടിത്തറകൾ ഇളകുന്നില്ലേ? അതിനൊരുദാഹരണം നമ്മുടെ ജീവിതത്തിൽ നോക്കിയാൽ കാണാൻ സാധിക്കും. ക്രിസ്തീയ ചൈതന്യം തുളുമ്പേണ്ട നമ്മുടെ മുഖച്ഛായ പലപ്പോഴും മാറ്റപ്പെടുന്നില്ലേ? ദൈവിക സ്നേഹം ഒഴുക്കേണ്ട മനസ്സും വാക്കും നഷ്ടമായി ആളുകൾ പരസ്യമായും രഹസ്യമായും കല്ലെറിയേണ്ട അവസ്ഥകൾ ഉണ്ടാകുന്നില്ലേ? ക്രിസ്തുശിഷ്യരായ നമ്മൾ എപ്രകാരം ക്രിസ്തുവിന്റെ മൂല്യങ്ങൾ സംരക്ഷിക്കുന്നു എന്നു ഈ മിഷൻ ഞായറിൽ ചിന്തിക്കണം.

**2. ശിഷ്യനു തന്റെ ദൗത്യനിർവഹണത്തിനായി അടയാളങ്ങൾ നൽകുന്നു**

ഈ സുവിശേഷത്തിന്റെ 17-ഉം, 18-ഉം വാക്യത്തിൽ ഇപ്രകാരം കാണുന്നു. വിശ്വസിക്കുന്നവരുടെ കൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കും,





പുതിയഭാഷകൾ സംസാരിക്കും, അവർ സർപ്പങ്ങളെ കൈയിലെടുക്കും, മാരകമായ എന്തുകുടിച്ചാലും അതു അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും അവർ സുഖം പ്രാപിക്കുകയും ചെയ്യും. ഈ അടയാളങ്ങൾ നൽകുന്നതുവഴി ശിഷ്യനു പ്രതിബന്ധങ്ങളെ അതിജീവിക്കാനുള്ള ആത്മബലമാണ് ലഭിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയുടെ ജീവിതവും ക്രിസ്തുശിഷ്യനാകാനുള്ള വിളിയാണ്. ഓരോ ശിഷ്യനും അടയാളങ്ങൾ ക്രിസ്തുനാഥൻ നൽകിയിട്ടുണ്ട്. അതിനാൽ, അടയാളങ്ങൾ ലഭിച്ച ക്രിസ്തുശിഷ്യനുവേണ്ട കാര്യം ശിഷ്യന്റെ കാഴ്ചപ്പാടുകൾക്കു മാറ്റം വരുത്തി അവിടെ ക്രിസ്തുനാഥന്റെ ജീവിതം അഭ്യസിക്കുക എന്നതാണ്. എങ്കിൽ മാത്രമേ മിഷൻ എന്ന യാഥാർത്ഥ്യം പൂർത്തിയാവുകയുള്ളൂ. അതിനാൽ, ക്രിസ്തുനാഥന്റെ നോട്ടം പതിച്ച ഇടങ്ങളിലേക്കു നമുക്കൊന്നു നോക്കാം അതു പുത്രന്റെ തിരിച്ചു വരവിൽ മിഴി നട്ടിരിക്കുന്ന പിതൃവാത്സല്യവും, കുറവുകൾ അറിഞ്ഞിട്ടും കനിവ് കിനിയുന്ന നോട്ടവും തള്ളിപ്പറഞ്ഞി ട്ടും തള്ളിപ്പറയാത്ത നോട്ടവും നഷ്ടപ്പെട്ടതിനെ കണ്ടു കിട്ടുവോളം തിരയുന്ന നോട്ടവും ഇരിപ്പവന്റെ മരക്കൊമ്പുകളിലേക്ക് അവൻ അയയ്ക്കുന്ന നോട്ടവും വലിയ നിക്ഷേപങ്ങൾക്കിടയിൽ ചെറു ചെമ്പു തുട്ടുകളെ തിരിച്ചറിയുന്ന നോട്ടവും വിശക്കുന്ന വയറുകളുടെ വിവശത തിരിച്ചറിയുന്ന നോട്ടവും കരങ്ങളിലെടുക്കുന്ന സകലതിനേയും മിഴി കൊണ്ടു സ്വർഗ്ഗത്തിലേക്കുയർത്തുന്ന നോട്ടവും ചുറ്റുമുള്ളവരെല്ലാം അമ്മയും സഹോദരങ്ങളുമാണെന്ന നോട്ടവും ചുങ്കസ്ഥലത്തിരിക്കുന്നവരേയും ചേർത്തു നിർത്തുന്ന നോട്ടവും....ഈ നോട്ടങ്ങളിലൂടെയെല്ലാം ഓരോ ശിഷ്യനും കടന്നുപോകണമെന്ന് യേശു ആഗ്രഹിച്ചതുകൊ ണ്ടാണ് അവനെ ശക്തിപ്പെടുത്തുന്ന അടയാളങ്ങൾ നല്കുന്നത്.

**3. സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ദിവസം**

ഇന്ന് മിഷൻ ഞായർ ആചരിക്കുമ്പോൾ നമ്മുടെ കർത്തവ്യം സമർപ്പിതരേയും സന്ന്യസ്തരേയും ഓർക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമായുള്ള ദിനമാണ്. കാരണം, മത്താ. 10:22, മർക്കോ. 13:3, ലൂക്കോ. 24:9 ഇവയിലെല്ലാം തന്നെ യേശുനാഥൻ ഒരു കാര്യമാണ്

പറയുന്നത്. എന്റെ നാമം നിമിത്തം നിങ്ങളെ ഈ ലോകം ദ്വേഷിക്കും. യാതൊരു വിധത്തിലുമുള്ള സുരക്ഷിതത്വത്തിന്റെ വേലിക്കെട്ട് സമർപ്പിതർക്കില്ലാത്തതുകൊണ്ട് പലസ്ഥലങ്ങളിലും ഇവർ ഇന്നു പീഡയേല്ക്കുന്നു. അതിന് ഉദാഹരണങ്ങളാണ് മഹാരാഷ്ട്രയിലെ ജനങ്ങളെ അക്ഷരം പഠിപ്പിച്ചു എന്ന പേരിൽ മലയാളി വൈദികനെ കുത്തിക്കൊലപ്പെടുത്തിയതും ഒറീസായിൽ പാവപ്പെട്ടവന്റെ കൂടെ നിന്നു എന്നതിന്റെ പേരിൽ പാവം കന്യാസ്ത്രീയെ മാനഭംഗത്തിനിരയാക്കിയതും സത്യവിശ്വാസിയാണെന്ന് പറഞ്ഞതിന്റെ പേരിൽ അഫ്ഗാനിസ്ഥാനിൽ പാവപ്പെട്ട വൈദികനെ തടവറയിൽ അടച്ചതും. ഇങ്ങനെ നാം അറിയുന്നതും അറിയാത്തതുമായ ഒട്ടേറെ സംഭവങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും നടക്കുമ്പോൾ സമർപ്പിതർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ നമുക്കു സമയം കണ്ടെത്താൻ സാധിക്കുമോ? ലോകത്തിൽ അധഃകൃതരായ മനുഷ്യർക്കുവേണ്ടി എപ്പോഴും ജീവൻ കളയുവാനും അവരെ ശുശ്രൂഷിക്കുവാനും മുന്നിട്ടിറങ്ങുന്നവർ നമുക്കു മാർഗ്ഗദർശികളാണ്.

## ഉപസംഹാരം

പ്രിയമുള്ളവരെ, ഈ സുവിശേഷം നമുക്കു ഒരു പുതിയവെളിച്ചം നൽകുന്നു. നമ്മളെല്ലാവരും ക്രിസ്തുവിന്റെ ശിഷ്യന്മാരാണ്. എന്നാൽ ജീവിതത്തിന്റെ പല അവസ്ഥകളിലും ഈ ശിഷ്യത്വത്തിന്റെ മഹത്വം നാം തിരിച്ചറിയാതെ പോകുന്നു. ഇവിടെ നമുക്കു തിരിച്ചുവരവാണ് ആവശ്യം. ലോകത്തിലെ അധഃകൃതരായ മനുഷ്യർക്കുവേണ്ടി ക്ലേശങ്ങൾ അനുഭവിക്കുന്ന മനുഷ്യർക്കുവേണ്ടി കരുണനിറഞ്ഞ സ്നേഹത്തിന്റെ ചാലൊഴുക്കുവാൻ ക്രിസ്തുശിഷ്യരായ നമുക്കു സാധിക്കുമോ? എന്റെ ക്രിസ്തുനാഥൻ നോക്കിയിടങ്ങളിലേക്കു എന്റെ നോട്ടം പതിച്ചില്ലായെങ്കിൽ, ഈ മിഷൻ ഞായർ എനിക്കൊരാചരണം മാത്രമേ ആയിത്തീരുകയുള്ളൂ. അതിനാൽ എന്റെ പ്രവർത്തനങ്ങളും ഞാനായിരിക്കുന്ന ചുറ്റുപാടുകളിലേക്കും, ആവശ്യമുള്ള ഇടങ്ങളിലേക്കും യാത്ര ചെയ്യട്ടെ.





# 2014 ഒക്ടോബർ 26
# സ്ലീബായ്ക്കുശേഷം ആറാം ഞായർ

ലൂക്കാ. 12:13-21; പുറ. 12:43-51; ജോബ് 23:1-7; എസെ. 10:18-22; വെളി. 20:11-15; ഗലാ. 5:16-20; മത്താ. 25:31-46

**ബ്രദർ മോൻസൺ വർഗ്ഗീസ് ഒ. ഐ. സി.**

## പശ്ചാത്തലം

യേശുവിന്റെ ഒലിവുമല പ്രഭാഷണത്തിലെ അവസാനത്തെ ഭാഗമാണ് യുഗാന്ത്യസംവാദം. യഹോവയുമായുള്ള ഉടമ്പടിയിൽനിന്നു അകന്ന യഹൂദസമൂഹം അടിമത്തത്തിൽ നിന്നും അടിമത്തത്തിലേക്കു കൂപ്പുകുത്തിയപ്പോൾ അവരുടെ ഏക ആശ്വാസം അവസാന കാലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മിശിഹായും, സ്ഥാപിതമാകുന്ന പുതിയ ലോകക്രമവുമായിരുന്നു. യഹൂദരുടെ യുഗാന്ത്യചിന്തയെ യേശുവിന്റെ രണ്ടാം വരവുമായി ബന്ധപ്പെടുത്തി, അതിനു ക്രിസ്തീയമായ വ്യാഖ്യാനം നൽകുവാൻ സുവിശേഷകൻ ശ്രമിക്കുന്ന പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം ആദ്യമായി ഈ സുവിശേഷഭാഗത്തെ മനസ്സിലാക്കുവാൻ. ഇതു കൂടാതെ മതപീഡനം അതിന്റെ പാരമ്യത്തിൽ നിൽക്കുമ്പോൾ ക്രിസ്തുശിഷ്യന്മാരെ നിരാകരിക്കുകയും, പീഢിപ്പിക്കുകയും ചെയ്യുന്ന റോമൻ സാമ്രാജ്യം ക്രിസ്തുവിന്റെ രണ്ടാം വരവിൽ നശിപ്പിക്കപ്പെടും എന്ന ചിന്ത ക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന കാലഘട്ടത്തിലാണ് ഈ സുവിശേഷഭാഗം രചിക്കപ്പെട്ടത്.

## പ്രമേയം

പീഡയ്ക്കും, മരണത്തിനുമായുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി ക്രിസ്തു ജറുസലേമിലേക്കു കടന്നുവരുന്നതോടുകൂടിയാണ് ഈ ഭാഗം ആരംഭിക്കുന്നത്. ഈ വചനഭാഗം ആദ്യം

പ്രതിപാദിക്കുക യുഗാന്ത്യസമയത്തിനുവേണ്ടി ഒരുങ്ങി ജാഗരൂകരായിരിക്കുവാനും, കരുണയുള്ളവരും താലന്തുകളെ ശരിയായ രീതിയിൽ വിനിയോഗിക്കുന്നവരും ആകുവാനാണ്. ഇതിനുശേഷമാണ് യുഗാന്ത്യവിധിയെക്കുറിച്ചു പ്രതിപാദിക്കുന്നത്. ഇവിടെ വിധിയുടെ യഥാർത്ഥ മാനദണ്ഡം ബൈബിൾ പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ ക്രിസ്തുശിഷ്യന്മാരോടുള്ള പ്രത്യേകിച്ചു സുവിശേഷപ്രചാരകരോടുള്ള സമീപനമാണ്. അവരെ സ്നേഹിക്കുകയും കരുതുകയും സഹായിക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടുമെന്നും അങ്ങനെ ചെയ്യാത്തവർ ശിക്ഷിക്കപ്പെടുമെന്നും വ്യക്തമാക്കുന്നു. വളരെ സുപ്രധാനമായി ക്രൈസ്തവവീക്ഷണത്തിൽ അന്ത്യവിധിയുടെ മാനദണ്ഡം എന്തായിരിക്കുമെന്നാണ് ഈ വചനഭാഗം സ്പഷ്ടമായി വ്യക്തമാക്കുന്നത്.

## സന്ദേശം

### മരണം എന്ന യാഥാർത്ഥ്യവും മരണാനന്തരജീവിതവും

മനുഷ്യൻ തന്റെ ഭൗമിക അസ്തിത്വത്തിന്റെ പരിമിതി വ്യക്തമായി മനസ്സിലാക്കുന്നത് അവന്റെ മരണക്കിടക്കയിലാണ്. ഉറ്റവരുടേയും, ഉടയവരുടേയും, സുഹൃത്തുക്കളുടേയും വേർപാട് അവനെ ബോധ്യപ്പെടുത്തുന്ന യാഥാർത്ഥ്യം മനുഷ്യൻ എത്ര ശക്തനെങ്കിലും മരണത്തിന്റെ മുമ്പിൽ നിസ്സഹായനായി കീഴടങ്ങുകയേ തരമുള്ളൂ എന്നതാണ്. മരണത്തെക്കുറിച്ചു വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്ന വേറൊരു യാഥാർത്ഥ്യം മരണാനന്തരജീവിതമാണ്-മരണത്തിൽ ജീവിതം അവസാനിക്കുന്നില്ല എന്ന സത്യമാണ്. എല്ലാ വസ്തുക്കൾക്കും ഒരു മൂലകാരണമുണ്ട്. പ്രാപഞ്ചികയുക്തിയാണിത്. മൂലകാരണം ഉണ്ടെങ്കിൽ ഉത്ഭവിച്ച എല്ലാ വസ്തുക്കളും യാതൊരു ലക്ഷ്യവും ഇല്ലാതെ, കാണപ്പെടുന്ന പ്രപഞ്ചത്തിനപ്പുറത്തെ ലക്ഷ്യസ്ഥാനത്തെത്താതെ നാമാവശേഷമാവുകയില്ല. എല്ലാ മനുഷ്യർക്കും അർത്ഥപൂർണ്ണമായ അന്ത്യമുണ്ട്. ഈ അർത്ഥം കൈചൂണ്ടുന്നതു മരണമെന്ന ഭൗതിക അന്ത്യത്തിനുമപ്പുറത്തു ഒരു ജീവിതം ഉണ്ടായേതീരൂയെന്ന യുക്തി





യിലേക്കാണ്. മരണത്തിനപ്പുറത്തുള്ള ജീവിതത്തെ വ്യാഖ്യാനിക്കുവാൻ ഉപയോഗിക്കുന്ന രണ്ടു രൂപകങ്ങളാണ് സ്വർഗ്ഗവും, നരകവും. എല്ലാ പുണ്യങ്ങളുടേയും, പൂർണ്ണതകളുടേയും, സന്തോഷങ്ങളുടേയും ആവാസകേന്ദ്രമാണ് സ്വർഗ്ഗം. ദൈവസംസർഗ്ഗമാണ് ഈ സ്ഥിതി വിശേഷങ്ങളുടെ ആധാരം. നരകം ദുരിതമാണ്, ദൈവത്തിൽനിന്ന് അകന്നു നിൽക്കുന്ന അവസ്ഥയാണിത്. മരണാനന്തരജീവിതത്തിൽ ഇവ രണ്ടുമാണ് മനുഷ്യൻ പ്രതീക്ഷിക്കുന്നത്. ഇവയിലേക്കുള്ള പ്രവേശനത്തിനുള്ള മാനദണ്ഡം സഹോദരനോടുള്ള സ്നേഹമാ ണെന്നു, ഈ വചനഭാഗം വ്യക്തമാക്കുന്നു.

### സ്നേഹവാനും, നീതിമാനുമായ ദൈവം

ദൈവം സ്നേഹമാണ് (1 യോഹ. 4:8). ക്രൈസ്തവചിന്തയിൽ സ്നേഹിക്കുന്ന ദൈവത്തെയാണ് ദൈവസങ്കൽപ്പത്തിൽ കൂടുതലും ചിത്രീകരിക്കുന്നത്. എന്നാൽ ദൈവം നീതിമാനാണ്, നീതിയോടെ വിധിക്കുന്നവനാണ് എന്ന ചിന്തയും ഇതോടൊപ്പം പ്രബലമാണ്. ഈ രണ്ടു സങ്കൽപ്പങ്ങളും പലപ്പോഴും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നിൽക്കുന്നവയായിട്ടാണ് വ്യാഖ്യാനിക്കപ്പെടുക. ഈ രണ്ടു സങ്കൽപ്പങ്ങളും ദൈവത്തിൽ ഒരുമിച്ചുപോകുന്നുവെന്നു അംഗീകരിക്കുവാൻ വളരെ പ്രയാസമാണ്. നീതിമാനായി ആരുമില്ല, ഒരുവൻപോലുമില്ല (റോമ. 3:10), എല്ലാവരും പാപം ചെയ്തു ദൈവമഹത്വത്തിനു അയോഗ്യരായി (റോമ. 3:23). ഇങ്ങനെ ദൈവത്തിൽനിന്ന് സ്വയം അകന്ന മനുഷ്യസമൂഹം പാപത്തിന്റെ ഫലമായി നിത്യശിക്ഷക്ക് അർഹരാക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ ചിന്തയിൽ നിന്നാണ് ദൈവം വിധിക്കുന്നു എന്ന ചിന്ത രൂപപ്പെടുക. എന്തെന്നാൽ സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നും നാശം കൊയ്തെടുക്കും. ആത്മാവിനെ വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽനിന്ന് നിത്യജീവൻ കൊയ്തെടുക്കും (ഗലാ. 6:7-8). ആയതുകൊണ്ടു മനുഷ്യൻ തന്നെയാണ് അവന്റെ വിധി നിർണ്ണയിക്കുന്നത്. ഈ വിധിയെ ദൈവത്തിന്റെ വിധിയായി തെറ്റിദ്ധരിക്കരുത്. കാരണം എല്ലാവരും മരിക്കണമെന്നോ പാപത്തിന്റെ

ദുരന്തമനുഭവിക്കണമെന്നോ ദൈവം ആഗ്രഹിക്കുന്നില്ല, യഹോവ ചോദിക്കുന്നു, ദുഷ്ടന്റെ മരണത്തിൽ എനിക്കു സന്തോഷമുണ്ടോ (എസെ. 18:23), എല്ലാവരും രക്ഷിക്കപ്പെടണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (1 തിമോ. 2:4). ആയതുകൊണ്ടു നമ്മുടെ ദുർവിധി നിർണ്ണയിക്കുന്നതു നാം തന്നെയാണ്.

**സഹോദരസ്നേഹം-വിധിയുടെ മാനദണ്ഡം**

നിത്യരക്ഷയുടേയും നിത്യനരകത്തിന്റേയും മാനദണ്ഡമായി ഇന്നത്തെ വചനഭാഗം അവതരിപ്പിക്കുക സഹോദരസ്നേഹത്തെയാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. നമ്മുടെ മരണാനന്തര ജീവിതത്തിന്റെ വിധി നിർണ്ണയിക്കുന്നതു നാം തന്നെ ആകുമ്പോൾ, അപരനോടു നാം കാണിക്കുന്ന എല്ലാ സമീപനങ്ങളും അതിന്റെ അളവിൽ തന്നെ വിധിദിവസത്തിൽ നമ്മളെ അളക്കും. സഹോദരന്റെ ഭൗതികവും, ആത്മീയവുമായ എല്ലാ ആവശ്യങ്ങളിലും അവനു തുണയായി മാറുവാൻ നമുക്കു സാധിക്കണം, ഇല്ലെങ്കിൽ ഇഹലോകവാസത്തിനപ്പുറമുള്ള ലോകത്തിൽ ദൈവികമായ സംസർഗ്ഗത്തിൽ നിന്നു നാം മാറ്റപ്പെടും.

ഇന്നത്തെ വചനഭാഗം അസന്നിഗ്ദമായി നമ്മെ ഉദ്ബോധിപ്പിക്കുന്നതു മരണത്തിനപ്പുറം ഒരു ലോകമുണ്ടെന്നും, ആ ലോകത്തിൽ ഏതവസ്ഥയിൽ ആയിരിക്കണമെന്നു നിർണ്ണയിക്കുന്നതു നാം തന്നെയാണ് എന്നുമാണ്. സ്വർഗ്ഗമോ, നരകമോ നമുക്കു തിരഞ്ഞെടുക്കാം. ദൈവം നമ്മുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. സ്നേഹവാനായ ദൈവം നമ്മിലാരുംതന്നെ നശിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. സഹോദരനെ സ്നേഹിച്ചുകൊണ്ട്, അവന്റെ ആവശ്യങ്ങളിൽ സഹായിച്ചുകൊണ്ട് നമുക്കു സ്വർഗ്ഗീയയാത്രയിൽ മുന്നേറാം.

